"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 2019-ലെ ചട്ടം 65(1) പ്രകാരമുള്ള പ്രത്യേക സമിതി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

================================================================================

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ(സാധാ) നം.1577/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 25.08.2020

================================================================================

പരാമർശം: 1. പെരിന്തൽമണ്ണ മുനിസിപ്പൽ സെക്രട്ടറിയുടെ 30.11.2019 ലെ ടി.പി1/ഇ 2/32335/11(1) നമ്പർ കത്ത്.

2. മുഖ്യ നഗരാസൂത്രകയുടെ 20.03.2020 ലെ TCPCTP/251/2019-E3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പ്രാദേശിക റോഡ് വികസനത്തിനായി സൗജന്യമായി സ്ഥലം വിട്ടു നൽകുന്ന ഉടമകൾക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ ഇളവുകൾ നൽകുന്നത് സംബന്ധിച്ച് 1999 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടങ്ങൾ 79 മുതൽ 85 വരെയുള്ളവയിൽ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത ഇളവുകൾ നല്കുന്ന കാര്യം പരിശോധിക്കുന്നതിന് പ്രത്യേക സമിതി രൂപികരിക്കാൻ ടി നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 85 സർക്കാരിന് അധികാരം നല്കിയിട്ടുണ്ട്. ഈ അധികാരം വിനിയോഗിച്ച് പ്രസ്തുത സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ പെരിന്തൽമണ്ണ മുനിസിപ്പൽ സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

പെരിന്തൽമണ്ണ മുനിസിപ്പൽ സെക്രട്ടറിയുടെ ആവശ്യത്തിന്മേൽ സർക്കാർ മുഖ്യ നഗരാസൂത്രകയുടെ സ്പഷ്ടീകരണം തേടിയിരുന്നു. ഈ കാലയളവിൽ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അസാധുവാകുകയും 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തു. ഈ സാഹചര്യത്തിൽ പുതുതായി നിലവിൽവന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ മുഖ്യ നഗരാസൂത്രക പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി. റോഡ് വികസനത്തിനായി സൗജന്യമായി ഭൂമിയുടെ ഭാഗം വിട്ടുകൊടുത്ത പ്ലോട്ടുകളിലെ നിർമ്മാണ അപേക്ഷകൾ പരിഗണിക്കുന്നതിന് ഏതെങ്കിലും മുനിസിപ്പാലിറ്റിയിൽനിന്ന് അഭ്യർത്ഥന ലഭിച്ചതിന്മേലോ സർക്കാരിന് സ്വമേധയായോ ഏതെങ്കിലും ഒരു മുനിസിപ്പാലിറ്റിക്കോ അല്ലെങ്കിൽ എല്ലാ മുനിസിപ്പാലിറ്റികളുടെയുമോ ആവശ്യത്തിനായി സർക്കാരിന് ഉചിതമെന്ന് തോന്നുന്ന പക്ഷം ഉത്തരവിനാൽ ഒരു പ്രത്യേക സമിതി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും അതിനാൽ പെരിന്തൽമണ്ണ മുനിസിപ്പൽ സെക്രട്ടറിയുടെ അഭ്യർത്ഥനയുടെ

അടിസ്ഥാനത്തിൽ പ്രത്യേക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും മുഖ്യ നഗരാസൂത്രക ശിപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 65(1) സർക്കാരിന് നല്കുന്ന പ്രത്യേക അധികാരം വിനിയോഗിച്ച്, റോഡ് വികസനത്തിനായി സൗജന്യമായി ഭൂമി വിട്ടുകൊടുത്ത ഭൂവുടമകൾക്ക് ശേഷിക്കുന്ന ഭൂമിയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഇളവനുവദിച്ച് നിർമ്മാണം നടത്തുന്നതിനായി, ടി ചട്ടങ്ങളിലെ അധ്യായം X ലെ വ്യവസ്ഥകൾ പാലിച്ച് സമർപ്പിക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനായി, സംസ്ഥാനത്തെ എല്ലാ മുനിസിപാലിറ്റികളിലും നഗരസഭകളിലും പ്രത്യേക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത സമിതിയിൽ ചുവടെപ്പറയുന്നവർ അംഗങ്ങളായിരിക്കും.

1. മേയർ/മുനിസിപ്പൽ ചെയർപ്പേഴ്സൺ - കമ്മിറ്റി ചെയർപ്പേഴ്സൺ

2. കോർപ്പറേഷൻ/ മുനിസിപ്പൽ സെക്രട്ടറി - കമ്മിറ്റി കൺവീനർ

3. വികസന അതോറിറ്റി ചെയർപേഴ്സൺ (രൂപികരിച്ചിട്ടുണ്ടെങ്കിൽ) - അംഗം

4. നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസിലെ സീനിയർ ടൗൺ പ്ലാനർ/ടൗൺ പ്ലാനർ/ ഡെപ്യൂട്ടി ടൗൺ പ്ലാനർ റാങ്കിൽ കുറയാത്ത ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ - അംഗം

5. പ്രസ്തുത പ്രദേശത്തിന്റെ അധികാരമുള്ള പൊതുമരാമത്ത് (റോഡ്സ് ) വകുപ്പിലെ എക്സിക്യൂട്ടീവ്/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ - അംഗം

6. പ്രസ്തുത പ്രദേശത്തിന്റെ അധികാരമുള്ള പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിലെ എക്സിക്യൂട്ടീവ്/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ - അംഗം

7. വികസന അതോറിറ്റി ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ റാങ്കിൽ കുറയാത്ത ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ( രൂപീകരിച്ചിട്ടുണ്ടെങ്കിൽ) - അംഗം

8.കമ്മിറ്റി അപ്രകാരം ആഗ്രഹിക്കുന്ന പക്ഷം പ്രസ്തുത റോഡ്/ജംഗ്ഷന്റെ വികസനത്തിന്റെ/വീതി കൂട്ടലിന്റെ ചുമതലയുള്ള അധികാരപ്പെടുത്തിയ വകുപ്പ് /അതോറിറ്റി/സ്ഥാപനം/അസോസിയേഷന്റെ ഒന്നോ രണ്ടോ പ്രതിനിധികൾ (കോ-ഓപ്ഷൻ)- അംഗം

ഗവർണറുടെ ഉത്തരവിൻപ്രകാരം

**സഞ്ജുകുമാർ എൻ**

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
3. ചീഫ് ടൗൺ പ്ലാനർ (ആസൂത്രണം), തിരുവനന്തപുരം.
4. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
5. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ്) വകുപ്പ്, പബ്ലിക്ക് ഓഫീസ് കോംപ്ലക്സ്, മ്യൂസിയം, തിരുവനന്തപുരം
6. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്, പബ്ലിക്ക് ഓഫീസ് കോംപ്ലക്സ്, മ്യൂസിയം, തിരുവനന്തപുരം

7. റീജയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് (കൊല്ലം/എറണാകുളം/കോഴിക്കോട്)
8. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും (ചീഫ് ടൗൺ പ്ലാനർ മുഖേന)
9. എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
11. പൊതുമരാമത്ത് വകുപ്പ്
12. തദ്ദേശ സ്വയംഭരണ (ആർ.ബി/ആർ.ഡി) വകുപ്പുകൾ
13. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ